ഉത്തരം

(എ-ഡി) സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങിയവയിൽ പിന്നോക്ക സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗപ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് സർക്കാരിന്റെ 2612/എഫ്3/2000/എസ്.സി./എസ്.ടി ഡി.ഡി. നമ്പരിൽ 11-2-2000-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. റിട്ട. ജസ്റ്റീസ് കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള ഈ മൂന്നംഗ കമ്മീഷൻ ആറുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ക്രീമിലെയർ പ്രശ്നംമൂലം നിർത്തിവയ്ക്കപ്പെട്ട പി.എസ്.സി. നിയമനങ്ങൾ

43 (43) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ പ്രശ്നത്തിന്റെ പേരിൽ പി.എസ്.സി. വഴിയുള്ള നിയമനം ഏത് തീയതി മുതലാണ് നിർത്തിവച്ചിട്ടുള്ളത് ;

(ബി) നിയമനങ്ങൾ നിറുത്തിവച്ചതിന്റെ ഫലമായി ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) എത്രമാസത്തേക്കു കൂടി റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) നിയമനം നടത്താൻ കഴിയാതെ വന്നിരിക്കുന്ന സാഹചര്യത്തിൽ ഇപ്പോൾ നിലവിലുള്ള ഏതെല്ലാം റാങ്ക്ലിസ്റ്റുകളെയാണ് ഇത് ബാധിച്ചിരിക്കുന്നത് എന്നത് വിശദമാക്കുമോ ?

ഉത്തരം

(എ) 17-12-1999 ൽ നിർത്തിവച്ചിരുന്നു.

(ബി&സി) റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്നുമാസത്തേക്ക് നീട്ടി നൽകുന്നതിന് പി.എസ്.സിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി) സർക്കാരിന്റെ 16-2-2000-ലെ ജി.ഒ.(പി.)15/2000/എസ്.സി/എസ്.ടിഡി.ഡി. നമ്പർ ഉത്തരവ് പ്രകാരം നിയമനനിരോധനം പിൻവലിച്ചിട്ടുള്ളതിനാൽ നിയമനം നടത്താൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

പി.എസ്.സി നിയമനങ്ങൾ

44 (44) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly